പേഴ്സൺസ്. അത് വാസ്തവത്തിൽ ഫിഷറീസ് ഡിപ്പാർട്ടുമെന്റാണ്. ഏതു കൊല്ലം വരെയുള്ള എൻജിനുകൾക്ക് ഈ പെർമിറ്റ് കൊടുക്കാമെന്നുള്ളത് ഫിഷറീസ് വകുപ്പിനല്ലാതെ സിവിൽ സപ്ലൈസ് വകുപ്പിന് പറയാൻ പറ്റുക യില്ല. അതുകൊണ്ട് ജോയിന്റായിട്ടുള്ള വെരിഫിക്കേഷൻ നടത്തിയിട്ട് അത് കൊടുക്കാം. പരാതിയില്ലാത്ത രീതിയിൽ കൊടുക്കാനാണ് ഉദ്ദേശിക്കുന്നത്. പുതിയ വള്ളങ്ങൾക്ക് കൊടുക്കാനാണ് ഉദ്ദേശിക്കുന്നത്. അത് നമുക്കൊന്നു പരീക്ഷിച്ചു നോക്കാം. എനിക്കു തോന്നുന്നത് ഈ പെർമിറ്റുകളെല്ലാം മത്സ്യ ഫെഡിന്റെ വിവിധ ഏജൻസികളെ ഏൽപ്പിച്ചാൽ പരാതി കൂടാതെ ആവശ്യാ നുസരണം യഥാർത്ഥത്തിൽ കടലിൽ പോകുന്ന വള്ളങ്ങൾക്ക് മണ്ണെണ്ണ കിട്ടാ നുള്ള സംവിധാനം നമുക്കുണ്ടാക്കാൻ സാധിക്കും. അതിന് സഹകരിക്കണമെ ന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീ. പി.ജെ. ഫ്രാൻസിസ്</u> : സർ, വള്ളത്തിന്റെ ലീഡറിന്റെ പേരിലാണ് പെർമിറ്റ് കൊടുക്കുന്നത്. അയാൾ മരിച്ചുപോയി കഴിഞ്ഞാൽ ആ വള്ളത്തിലെ മറ്റൊരു തൊഴിലാളിയുടെ പേരിൽ പെർമിറ്റ് പുതുക്കി കൊടുക്കാനും മത്സ്യബ ന്ധനത്തിന് ഉപയോഗിക്കുന്ന എഞ്ചിൻ തകരാറായി കഴിഞ്ഞാൽ പെർമിറ്റ് വീണ്ടും തുടർന്ന് കൊടുക്കാനുമുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u> : അങ്ങനെയുള്ള വെരിഫിക്കേഷൻ അവർക്ക് ചെയ്യാവുന്നതാണ്. ഞങ്ങളുടെ ഡയറക്ഷൻ അനുസരിച്ച് കിട്ടാനുള്ള അവകാശികൾക്ക് കൊടുത്തുകൂടാ എന്നൊന്നും പറഞ്ഞിട്ടില്ല. അവകാശിയു ണ്ടെങ്കിൽ കൊടുക്കാം. അത് പരിശോധിക്കാവുന്നതാണ്. ഫിഷറീസ് ഡിപ്പാർട്ടുമെന്റാണ് അത് സർട്ടിഫൈ ചെയ്യേണ്ടത്. ഒരാൾ മരിച്ചുപോയി, നിയ മപരമായി അടുത്ത ആളിന് കൊടുക്കുന്നതിന് യാതൊരു തെറ്റും ഞാൻ കാണുന്നില്ല. അങ്ങനെയുണ്ടെങ്കിൽ വെരിഫൈ ചെയ്യാം. അതിപ്പോൾ ആദ്യമാ യിട്ടാണ് ഇങ്ങനെ കേൾക്കുന്നത്. യൂണിയനുമായിട്ടുള്ള ഡിസ്കഷനിൽ ഇത് വന്നില്ല. അവരുമായിട്ടുള്ള ഡിസ്കഷനു ശേഷമാണ് ഈ സജഷൻ വന്നത്. മണ്ണെണ്ണ ശരിക്കും കിട്ടുന്നതിനായിട്ട് മത്സ്യഫെഡിന്റെ ഏജൻസികളെ ഏൽപ്പി ച്ചാൽ അവർ ശരിയായിട്ട് നടത്തുമെന്നാണ് വന്നത്. അങ്ങനെയുണ്ടെങ്കിൽ പരിശോധിക്കാം. ഒരാൾ മരിച്ചുപോയാൽ വള്ളമുണ്ടെങ്കിൽ വള്ളത്തിനാണ് പെർമിറ്റ് കൊടുക്കുന്നത്. എന്റെ ധാരണ വള്ളത്തിനാണ് പെർമിറ്റ് എന്നാണ്.

III. സബ്മിഷൻ

(1) വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണം

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

[10.00 AM] <u>ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ</u> : സർ, കേന്ദ്രമന്ത്രിയായി രുന്ന എസ്.കെ. പട്ടേൽ 1961 സെപ്തംബർ 9-ാം തീയതി യാണ് വിഴിഞ്ഞം തുറമുഖത്തിന് കല്ലിട്ടത്. മൂന്ന് ഘട്ടങ്ങളായി ഇതിന്റെ പണി പൂർത്തിയാക്കണമെന്നാണ് അന്ന് തീരുമാനിച്ചിരുന്നത്. അതി നുവേണ്ട പ്രോജക്ട് റിപ്പോർട്ടും അംഗീകരിച്ചിരുന്നു. 1962-ൽ ഇതിന് അനു മതി ലഭിക്കുകയും ഒന്നാം ഘട്ടത്തിന്റെ പണി ആരംഭിക്കുകയും ചെയ്തു. 17 വർഷം വേണ്ടി വന്നു ഇതിന്റെ ഒന്നാം ഘട്ടം പണി പൂർത്തിയാക്കാൻ. 1987-ൽ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴാണ് രണ്ടും മൂന്നും ഘട്ടങ്ങളുടെ ഭരണാനുമതി കൊടുത്തത്. ഈ തുറമുഖത്തിന് ആവശ്യമുള്ള സ്ഥലം പൊന്നും വിലയ്ക്കെടുക്കുകയും അതുപോലെ അവിടെ

LIBRARY ARCHIVES Kerala Legislative Assembly

നിന്നും ഒഴിപ്പിക്കപ്പെടുന്ന ആളുകളെ പുനരധിവസിപ്പിക്കുന്നതിനുമുള്ള ക്വാർട്ടേഴ്സുമൊക്കെ നിർമ്മിക്കുന്നതിനുമുള്ള നടപടികൾ അതോടുകൂടി ആരംഭിക്കുകയും ചെയ്തു. എന്നാൽ ഭൂമി പൂർണ്ണമായി പൊന്നും വിലയ്ക്ക് എടുത്ത് അത് പൂർത്തിയാക്കിയിട്ടില്ല. അതുപോലെതന്നെ അവിടെനിന്നും ഒഴിപ്പിക്കപ്പെട്ട ആളുകളെ പുനരധിവസിപ്പിക്കുന്നതിനാവശ്യമായ ക്വാർട്ടേഴ്സും ഇന്നും അർഹതയുള്ള ആളുകൾക്ക് ലഭിച്ചിട്ടില്ല. പ്രകൃതിക്ഷോഭവും അവിടെ കലാപങ്ങളുമുണ്ടാകുന്ന അവസരത്തിൽ ഇങ്ങനെ നിർമ്മിച്ചിരിക്കുന്ന ക്വാർട്ടേഴ്സിൽ അനധികൃതമായി കേറിതാസമിക്കുന്നതിന്റെ ഫലമായിട്ട് അർഹതയുള്ള പല ആളുകൾക്കും ഇന്ന് ക്വാർട്ടേഴ്സ് ലഭിച്ചിട്ടില്ല. ഈ തുറമുഖം അന്താരാഷ്ട്ര കപ്പൽ പാതയുടെ ഏറ്റവുമടുത്ത് സ്ഥിതി ചെയ്യുന്ന ഒരു പ്രമുഖ തുറമുഖമാണ്. വിദേശത്തുനിന്നുള്ള വലിയ കണ്ടെയിനർ കപ്പലുകൾ ദക്ഷിണേന്ത്യയിൽ അടുപ്പിക്കാനുള്ള സൗകര്യമില്ല. അതുകൊണ്ടുതന്നെ ഇത്തരത്തിലുള്ള കപ്പലുകൾ എല്ലാം കൊളംബോ അതുപോലെ സിങ്കപ്പൂർ ഈ സ്ഥലങ്ങളിലാണ് അടുപ്പിക്കുന്നത്. അവിടെ ഇറക്കിയതിനുശേഷമാണ് സാധനങ്ങൾ ചെറിയ കപ്പലുകളിൽ നമ്മുടെ ഇന്ത്യയിൽ പല തുറമുഖങ്ങളിലേയ്ക്കും കൊണ്ടുവരുന്നത്. ഈയിനത്തിൽ നമുക്ക് കോടിക്കണക്കിന് രൂപയുടെ നഷ്ടം സംഭവിക്കുന്നുണ്ട്. അതുപോലെ കാർഗോ കയറ്റിറക്കുമതിക്ക് ആവശ്യമായ സൗകര്യങ്ങൾ ഇല്ലാത്തതുമൂലം വിദേശനാണ്യവും തൊഴിലവസരവും നമുക്ക് നഷ്ടപ്പെടുന്നു. 1994-ൽ key-wall, ലേവപ്പുര, അറ്റകുറ്റപ്പണിക്കുള്ള ഷെഡുകൾ, ഡ്രഡ്ജിംഗ് വാർഫ്ഷെഡ്, എന്നിവയുടെ പണി ആരംഭിച്ചു. അതിന്റെ കരാർ കൊടുത്തുവെങ്കിലും പിന്നെ ആ പണി പൂർണ്ണമായി നടത്താൻ കഴിയാത്തതിന്റെ ഫലമായി ആ കരാർ ഇട്ടിട്ട് കേസ്സിലേയ്ക്കു പോകുന്ന സ്ഥിതിയിലേക്ക് വരികയും ചെയ്തു. ദക്ഷിണേന്ത്യയ്ക്കു ആകെ ഗുണകരമായ ഒരു വികസനമാണ് ഈ തുറമുഖംമൂലം നമുക്ക് ഉണ്ടാകാൻ പോകുന്നത്. അതുകൊണ്ട് അടിയന്തിരമായി നവീന സൗകര്യങ്ങളോടുകൂടി വിഴിഞ്ഞത്ത് ഒരു തുറമുഖം ഉയർത്താനും ആഴക്കടൽ മത്സ്യബന്ധന സൗകര്യങ്ങളുണ്ടാക്കുവാനും മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം അടിയന്തികരമായി പൂർത്തീകരിക്കുവാനുമുള്ള നടപടികൾ വകുപ്പുമന്ത്രിയും ഗവൺമെന്റും എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഹിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : സർ, വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിന്റെ പണി മൂന്ന് ഘട്ടങ്ങളിലായി നടപ്പാക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഒന്നാം ഘട്ടപ്പണികൾ 1962-ൽ തുടങ്ങി, 1979-ൽ പൂർത്തിയാക്കി. രണ്ടാം ഘട്ടപ്പണികളും മൂന്നാം ഘട്ടപ്പണികളുമായി 704 ലക്ഷം രൂപയുടെ പദ്ധതി 1987-ൽ ഭരണാനുമതി നൽകി ആരംഭിച്ചതാണ്. എന്നാൽ പദ്ധതി പ്രദേശത്തുനിന്നും കുടിയൊഴിപ്പിക്കുന്നതിനും പുനരധിവാസം വികസിപ്പിക്കുന്നതിനും പൊന്നുംവില നടപടികൾ പൂർത്തിയാക്കുന്നതിനുമുള്ള കാലതാമസംകൊണ്ട് പദ്ധതി പൂർണ്ണമായി പൂർത്തിയാക്കാൻ താമസമുണ്ടായിട്ടുണ്ട്. ഇതൊരു സംഘർഷ പ്രദേശമാണ്. ധാരാളം ലഹളകളും മരണങ്ങളുമെല്ലാം നടന്നിട്ടുള്ള പ്രദേശമാണ്. വളരെ സൂക്ഷിച്ച് കൈകാര്യം ചെയ്തില്ലെങ്കിൽ അതെല്ലാം രൂക്ഷമാകാനിടയുള്ള പ്രദേശമാണ്. തന്നെ അഞ്ചെട്ട് പ്രാവശ്യം കോൺഫറൻസുകൾ വിളിച്ചു കൂട്ടി. കോൺഫറൻസ് വിളിച്ചു കൂട്ടി പൊന്നും നിലയ്ക്ക് സ്ഥലം എടുക്കേണ്ട കാര്യത്തെപ്പറ്റി തീരുമാനമായി അതിന്റെ പണവും കൊടുത്തു. അടുത്ത കോൺഫറൻസിന് വിളിക്കുമ്പോൾ വരുന്ന ആളുകൾ, ഈ പണം വാങ്ങിയ ആളുകൾ അതിന് ഉപയോഗിക്കാതെ വേറെ ആവശ്യത്തിന് ഉപയോഗിച്ച

LIBRARY ARCHIVES Kerala Legislative Assembly

തിന്റെ ഫലമായി തീർക്കാൻ കഴിയാതെ, ആവശ്യങ്ങളുമായി വരുന്നു. അങ്ങനെ എത്രയോ പ്രാവശ്യം കോൺഫറൻസ് വിളിച്ചതിനുശേഷമാണ് ആ കാര്യത്തിൽ തീരുമാനമുണ്ടായത്. പണി നടന്നുകൊണ്ടിരിക്കുമ്പോൾ പദ്ധതി പ്രദേശത്തുനിന്നും അവരെ പുനരധിവസിപ്പിക്കുന്നതിനും മറ്റുള്ള കാലതാമസം പൂർണ്ണമായി പൂർത്തിയാക്കാൻ താമസമുണ്ടായിട്ടുണ്ട്. 327 മീറ്റർ വാർഫിന്റെ പണിയും, റോഡുകൾ, ഓഫീസുകൾ, പുലിമുട്ടുകൾ എന്നിവയും പൂർത്തിയായി. ഡ്രഡ്ജിംഗ്, വാട്ടർ സപ്ലൈ അനുബന്ധ റോഡുകൾ, ഇലക്ട്രിസിറ്റി തുടങ്ങിയ പണികൾ പുരോഗമിച്ചു വരുന്നു. 173 മീറ്റർ വാർഫിന്റെ ഫൗണ്ടേഷന്റെ പണികളും പൂർത്തിയായി. ബാക്കിയുള്ള ലേവവും, ഗിയർ ഷെഡ് തുടങ്ങിയ പണികളുടെ കരാറുകാർ നിരക്കുവർദ്ധന ആവശ്യപ്പെട്ടു കൊണ്ട് ഹൈക്കോടതിയിൽ പോയി, ഹൈക്കോടതിയിൽനിന്നും കിട്ടിയ ഡയറക്ഷനനുസരിച്ച് അയാളുടെ അപേക്ഷ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. കഴിയുന്നത്രവേഗം അത് പൂർത്തിയാക്കി പണി പുനരാരംഭിക്കാനുള്ള നടപടികൾ എടുക്കുന്നതാണ്.

(2) കൂത്തുപറമ്പ് ഗ്രോത്ത് സെന്ററിന്റെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ

<u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ</u> : സർ, കൂത്ത്പറമ്പ് ഗ്രോത്ത് സെന്ററിന്റെ പ്രവർത്തനം അതിന്റെ ലക്ഷ്യപ്രാപ്തിയിലേക്ക് എത്തുന്നതിനുവേണ്ടിയാണ് ഞാൻ സബ്മിഷൻ ഉന്നയിക്കുന്നത്. അവിടെ അഡ്മിനിസ്ട്രേഷൻ ബ്ലോക്കിന്റെ പണി ഏകദേശം തീർന്നിട്ടുണ്ട്. എത്രയും പെട്ടെന്ന് അഡ്മിനിസ്ട്രേഷൻ ബ്ലോക്കിന്റെ ഉദ്ഘാടനം നടത്തി അവിടെ ആവശ്യമായിട്ടുള്ള സ്റ്റാഫ് ഇരുന്നാൽ മാത്രമേ ഗ്രോത്ത് സെന്ററിലേയ്ക്ക് വരുന്ന വ്യവസായികൾക്ക് ഗ്രോത്ത് സെന്ററിനെ സമീപിക്കുവാനുള്ള അസൗകര്യവും കൂടുതൽ വ്യവസായങ്ങൾ ആരംഭിക്കുവാനുള്ള സാഹചര്യമുണ്ടാകുകയുള്ളൂ. അതോടൊപ്പംതന്നെ അവിടെ 5 നിലയുള്ള ഫാക്ടറി കെട്ടിടത്തിന്റെ ഫൗണ്ടേഷൻ ഇടുകയും കെട്ടിടത്തിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തതാണ്. ഈ 5 നിലയിൽ രണ്ട് നിലയുടെ പണി തീർന്നിട്ടുണ്ട്. 5 നിലയുടെ പണിയും ഇപ്പോൾ തന്നെ പൂർത്തിയാകുന്ന രീതിയാണ്. അതിന് ഏകദേശം 3.45 കോടി രൂപയാണ് വകയിരുത്തിട്ടുള്ളതെന്നാണ് അറിയുന്നത്. ഈ പണം ഉപയോഗപ്പെടുത്തിക്കൊണ്ട് 5 നിലയുടെ പണിയും പൂർത്തിയാക്കുകയും അവിടെ വ്യവസായികളെ ആകർഷിക്കുവാനുള്ള പ്രവർത്തനം എത്രയും പെട്ടെന്ന് സ്വീകരിക്കേണ്ടതുമാണ്. അതുപോലെ ഗതാഗതസൗകര്യം വളരെ പ്രശ്നമാണ്. ഗ്രോത്ത് സെന്ററിലേയ്ക്കുള്ള പി.ഡബ്ല്യു.ഡി.യുടെ റോഡ് വീതി കൂട്ടി ടാർ ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ ഗവൺമെന്റിന്റെ കൈവശമുണ്ട്. ലാന്റ് അക്യുസിഷന്റെ പ്രോബ്ലമാണ് പ്രയാസമായിട്ട് പറയുന്നത്. നബാർഡ് ഏറ്റെടുക്കാമെന്ന് പറഞ്ഞ പ്രവൃത്തിയാണ്. അതിന് കെ.എസ്.ഐ.ഡി.സി. ഇടപെട്ട് എന്തെങ്കിലും സഹായം ചെയ്യാൻ കഴിയുമെങ്കിൽ വളരെ പെട്ടെന്നുതന്നെ ആ പ്രവൃത്തി ടെൻഡർ ചെയ്യാൻ കഴിയുന്നതാണ്. ഗതാഗതസൗകര്യം അതുപോലെ ഫാക്ടറി കെട്ടിടത്തിന്റെ പൂർത്തീകരണം, അഡ്മിനിസ്ട്രേഷൻ ബ്ലോക്കിന്റെ ഉദ്ഘാടനം, അതിന്റെ പ്രവർത്തനക്ഷമത ഉറപ്പുവരുത്തുന്ന കാര്യം ഇതൊക്കെ എത്രയും പെട്ടെന്ന് നടപ്പാക്കിയാൽ ഗ്രോത്ത് സെന്ററിലേയ്ക്ക് വ്യവസായികൾ ധാരാളമായിട്ട് കടന്നുവരികയും നമ്മുടെ ലക്ഷ്യം പൂർത്തീകരിക്കുവാൻ കഴിയുകയും ചെയ്യുമെന്നാണ് പറയാനുള്ളത്. അതിന് എത്രയും പെട്ടെന്ന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly